നമ്പർ. ഇ1/27991/റ്റിസി/2017

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 03-05-2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — റോഡ് നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും, സ്കൂൾ മേഖലകൾ മുതലായ സ്ഥലങ്ങളിലെ സുരക്ഷയും — സംബന്ധിച്ച്

സൂചന :- റോഡ് സുരക്ഷാ കമ്മീഷണറുടെ 28-03-2017 — ലെ 737/എ2/കെ.ആർ.എസ്.എ/2016 നമ്പർ കത്ത്

സമീപകാലത്തായി കേരളത്തിലെ റോഡുകളിൽ അപകടങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിയ്ക്കുകയും, പ്രസ്തുത അപകടങ്ങളിൽ വലിയ തോതിൽ കാൽനടയാത്രക്കാരും ഉൾപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാൽനടയാത്ര സംബന്ധിച്ച ബോധവത്കരണം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിയ്ക്കുന്നു.

ആയതിനാൽ, നിലവിൽ നടത്തിവരുന്ന ബോധവത്കരണ പരിപാടികളിൽ റോഡുകളിൽ കാൽനടയായി സഞ്ചരിയ്ക്കുമ്പോൾ പാലിയ്ക്കേണ്ട നിയമങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിയ്ക്കേണ്ടതും, കാൽനടയാത്രക്കാരെക്കൂടി റോഡ് സുരക്ഷയെക്കുറിച്ച് ബോധവാന്മാരാക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

5/5/17

ജൂനിയർ സൂപ്രണ്ട്

5/5/17